**THE MALANKARA ORTHODOX SYRIAN CHURCH**

# THE ORTHODOX CHRISTIAN YOUTH MOVEMENT OF THE EAST

St. Thomas Bhavan, Orthodox Youth Centre, Old Seminary Road, Chungom, Kottayam - 686 001, Kerala, India
Tel.: 0481-2583997, E-mail: indianocym@gmail.com, Web: www.ocymonline.org

ബഹുമാനപ്പെട്ട അച്ചാ, യുവജനപ്രസ്ഥാനം കേന്ദ്ര - ഭദ്രാസന - യൂണിറ്റ് പ്രവർത്തകരെ,

ദൈവത്തിന്റെ അളവറ്റ കൃപയാൽ യുവജനപ്രസ്ഥാനം പ്രസിഡന്റ് അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായടെ ശുപാർശ പ്രകാരം പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസ് നവംബർ 21-ാം തീയതിമുതൽ ജനറൽ സെക്രട്ടറിയായി എന്നെ നിയമിച്ചിരിക്കുന്ന വിവരം ഇതിനോടകം അറിഞ്ഞിരിക്കുമല്ലോ. പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുടെ അനുഗ്രഹാശിസ്സുകളും ആത്മീയനിഷ്ഠയും, കഴിഞ്ഞ 7 വർഷങ്ങളായി പ്രസ്ഥാനം പ്രവർത്തകരെ വാത്സല്യത്തോടെ കരുതുന്ന പ്രസ്ഥാനാദ്ധ്യക്ഷൻ അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായുടെ നേതൃത്വവും നവീന ദർശനങ്ങളും പ്രാർത്ഥനയും ഈ പ്രസ്ഥാനത്തിന്റെ സവിശേഷതകളാണ്. പ്രവർത്തകരുടെ ചിന്തകളെ ഉണർത്തി വേറിട്ട വഴികളിലൂടെ സാഹോദര്യത്തിന്റെ ഒരുമിപ്പിൽ നേതൃത്വം നൽകുന്ന ഉപാധ്യക്ഷൻ ബഹു. ഫിലിപ്പ് തരകൻ അച്ചൻ, പ്രവർത്തനത്തിൽ മികവായി ട്രഷറാർ പ്രിയ ജോജി പി. തോമസ്, ഊർജ്ജസ്വലരായ കേന്ദ്ര - എക്സിക്യൂട്ടീവ് സമിതി അംഗങ്ങൾ, കേന്ദ്ര ഭദ്രാസന ഭാരവാഹികൾ, യൂണിറ്റ് പ്രവർത്തകർ, അംഗങ്ങൾ എന്നിവരോടൊപ്പം പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ബലഹീനനായ എനിക്ക് ദൈവകൃപ ലഭിക്കുവാൻ നിങ്ങൾ പ്രാർത്ഥിക്കണമേ. എല്ലാവരുടെയും പിന്തുണയും സഹകരണവും നേതൃത്വവും പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് ഉണ്ടാകണമെ.

കഴിഞ്ഞ കാലങ്ങളിൽ പ്രസ്ഥാനത്തെ നയിച്ച അഭി. പിതാക്കന്മാരെയും വൈദികശ്രേഷ്ഠരെയും അത്മായ നേതൃത്വത്തെയും നന്ദിയോടെ സ്മരിക്കുന്നു. കഴിഞ്ഞ 4 വർഷങ്ങളായി പ്രസ്ഥാനത്തെ ആത്മാർത്ഥതയോടെ നയിച്ച് പുത്തൻ ഉണർവ്വ് സമ്മാനിച്ച ബഹു. ജസ്റ്റൻ അച്ചന്റെ പ്രവർത്തനങ്ങൾ വിലയേറിയതാണ്. നന്ദിയോടെ സ്മരിക്കുന്നു. ദൈവം അളവറ്റപ്രതിഫലങ്ങൾ നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

പുതിയ കാലത്തിന്റെ പ്രതിസന്ധികൾക്ക് നടുവിൽ ക്രൈസ്തവ ചിന്തയുടെയും പൗരസ്ത്യ വിശ്വാസത്തിന്റെയും അടിത്തറയിൽ ഒരു പുതിയ ദിശാബോധം നൽകേണ്ടത് ആവശ്യമാണ്. അതിന് ആവശ്യമായ ഊർജ്ജം നൽകുവാൻ കരുത്തുള്ള ഭദ്രാസന വൈസ് പ്രസിഡന്റ് അച്ചന്മാർ, സെക്രട്ടറിമാർ, ഭാരവാഹികൾ, കേന്ദ്ര സമിതി അംഗങ്ങൾ, യൂണിറ്റ് പ്രസിഡന്റ് അച്ചന്മാർ, ഭാരവാഹികൾ, അംഗങ്ങൾ എന്നിവരുടെ നേതൃത്വം നമ്മുടെ ശക്തിയാണ്. ഇടവക - ഭദ്രാസന - കേന്ദ്ര പ്രവർത്തകർ ചെയ്യുന്ന എല്ലാ നല്ല പ്രവർത്തനങ്ങളെയും നന്ദിയോടെ ശ്ലാഘിക്കുന്നു. അനുമോദനങ്ങൾ അറിയിക്കുന്നു. ദൈവം സമൃദ്ധമായ നന്മകൾ നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ബാഹ്യ കേരള ഭദ്രാസനങ്ങളിലും മണലാരണ്യ പ്രദേശത്തും മറ്റ് വിദേശ രാജ്യങ്ങളിലും നമ്മുടെ യൂണിറ്റുകൾ, ഭദ്രാസനങ്ങൾ ചെയ്യുന്ന പ്രവർത്തനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നു. അളവറ്റ ദാനങ്ങൾ കൊണ്ട് ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കേന്ദ്ര കോർഡിനേറ്റർ ബിജോ രാജൻ അച്ചന്റെയും ഓഫീസ് സെക്രട്ടറി ശ്രീ. ഷിബുവിന്റെയും പ്രവർത്തനങ്ങളെ നന്ദിയോടെ ഓർക്കുന്നു. ക്രിസ്തു കേന്ദ്രീകൃതമായ പ്രവർത്തനങ്ങളോടെ യൂണിറ്റ് - ഭദ്രാസന - കേന്ദ്ര പ്രവർത്തനങ്ങൾ ഒരുമിപ്പിക്കുവാൻ നമ്മുടെ യൗവ്വന ഊർജ്ജം ഫലപ്രദമായി വിനിയോഗിക്കാം. അതിന് ദൈവത്തിൽ അടിയുറച്ചുള്ള വിശ്വാസവും വ്യക്തമായ ആത്മീയ ബോധവും നമുക്ക് വഴികാട്ടിയായി തീരട്ടെ. ആരാധന, സേവനം, പഠനം എന്നീ ആപ്ത വിഷയങ്ങൾ അടിസ്ഥാനമാക്കി കൂട്ടായി പ്രവർത്തിക്കുകയും വേണ്ടതായ നിർദ്ദേശങ്ങൾ അറിയിക്കുകയും ചെയ്യണമേ.

യുവജനപ്രസ്ഥാനം കേന്ദ്ര കലാമേളയുടെ നിർദ്ദേശങ്ങൾ അടങ്ങിയ നോട്ടീസ് ഇതിനോടകം ലഭിച്ചു കാണുമെന്ന് വിശ്വസിക്കുന്നു. യൂണിറ്റ്, ഡിസ്ട്രിക്ട്, ഭദ്രാസന മത്സരങ്ങൾ യഥാസമയം നടത്തി ലിസ്റ്റ് 2016 ഡിസംബർ 20 ന് മുമ്പായി കേന്ദ്ര ഓഫീസിൽ എത്തിക്കുവാൻ ചുമതലപ്പെട്ടവർ ശ്രദ്ധിക്കണം. കേന്ദ്ര കലാമേള 2017 ജനുവരി 7 ശനിയാഴ്ച 9 മണി മുതൽ മാവേലിക്കര ഭദ്രാസനത്തിലെ ചേപ്പാട് സെന്റ് ജോർജ് വലിയ പള്ളിയിൽ വെച്ച് നടത്തുന്നതാണ്.

നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാളിനെ അറിയിച്ചുകൊണ്ടുള്ള വി. നോമ്പ് അനുഷ്ഠിക്കുവാനും ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങൾ ക്രിയാത്മകമായി നടത്തുവാനും നിങ്ങൾക്കേവർക്കും കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പരിശുദ്ധ സഭയുടെ കൊമ്പിനെ ഉയർത്തുവാൻ യൗവന സൗഹൃദം കൂട്ടായി ചിന്തിക്കാം, പ്രവർത്തിക്കാം. അതിന് എല്ലാവരുടെയും പ്രാർത്ഥനയും സഹായവും പിന്തുണയും സഹകരണവും ദൈവനാമത്തിൽ പ്രതീക്ഷിക്കുന്നു.

കർത്താവിൽ നിങ്ങളുടെ സഹോദരൻ

**അജി അച്ചൻ**

കോട്ടയം,
30 - 11 - 2016